പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3345

08-11-2019-ൽ മറുപടിക്ക്

## വായ്പകൾക്ക് മൊറട്ടോറിയം

**ചോദ്യം**

**ശ്രീ.പി.സി. ജോർജ്**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മൊറട്ടോറിയം ഏതൊക്കെ വായ്പകൾക്കാണ് ബാധകമാക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 2018 ആഗസ്റ്റ് മാസത്തിലുണ്ടായ മഹാ പ്രളയത്തെ തുടർന്ന്, 2019 ൽ വീണ്ടും പ്രളയമുണ്ടായ സാഹചര്യത്തിൽ, പ്രളയം ബാധിച്ച 1038 വില്ലേജുകളിലെ കർഷകരുടെ കൃഷി, M.S.M.E, (Micro Small and Medium Enterprises) വിദ്യാഭ്യാസം, ഹൗസിങ് തുടങ്ങിയ ഷെഡ്യൂൾഡ് വാണിജ്യ ബാങ്ക് വായ്പകൾക്ക് ആർ.ബി.ഐ മാനദണ്ഡങ്ങൾക്ക് വിധേയമായി എസ്.എൽ.ബി.സി മൊറട്ടോറിയം അനുവദിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് 31-07-2018 മുതൽ ഒരു വർഷത്തേക്ക് മൊറട്ടോറിയം അനുവദിച്ച് നൽകിയിരുന്നു. കൂടാതെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് 31-12-2019 വരെ മൊറട്ടോറിയം നൽകിയിട്ടുണ്ട്. |
| (ബി) | ദേശസാത്കൃത ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് മൊറട്ടോറിയം ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇതിലേക്കായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | 2019 ൽ പ്രളയബാധിതമായി പ്രഖ്യാപിച്ച 1038 വില്ലേജുകളിലെ കൃഷി, M.S.M.E,(Micro Small and Medium Enterprises) വിദ്യാഭ്യാസം, ഹൗസിങ് തുടങ്ങിയ വായ്പകൾക്ക് ആർ.ബി.ഐ മാനദണ്ഡങ്ങൾക്ക് വിധേയമായി എസ്.എൽ.ബി.സി, മൊറട്ടോറിയം ബാധകമാക്കിയിട്ടുണ്ട്. 05/03/2019 ൽ നടന്ന മന്ത്രിസഭായോഗ തീരുമാന പ്രകാരം കർഷക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ വാണിജ്യ ബാങ്കുകളെ ഉൾപ്പെടുത്താനാകുമോ എന്നത് പരിശോധിക്കാൻ കൃഷി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പുകളെ ചുമതലപ്പെടുത്തിയിരുന്നു.<br>2019 സെപ്റ്റംബർ 3-ാം തീയതി കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം സംസ്ഥാനത്തെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ ഉടൻ നടപ്പിലാക്കേണ്ട പ്രളയ ദുരിതാശ്വാസ നടപടികൾ റിസർവ്വ് ബാങ്ക് |

| | | | |
|---|---|---|---|
| | | | നിബന്ധനകൾക്ക് വിധേയമായി ചർച്ച ചെയ്ത് അംഗീകരിക്കുകയും, ഈ നടപടികളുടെ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ എല്ലാ ബാങ്കുകൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ പ്രളയബാധിതമായി പ്രഖ്യാപിച്ചിട്ടുള്ള വില്ലേജുകളിലെ അർഹമായ കാർഷിക വായ്പകൾക്കുള്ള മോറട്ടോറിയം ഈ നിർദ്ദേശങ്ങളുടെ ഭാഗമാണ്. |
| (സി) | വായ്പകൾക്ക് മൊറട്ടോറിയം ഏർപ്പെടുത്തിയ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | 2018 ആഗസ്റ്റ് മാസത്തിലെ പ്രളയം കണക്കിലെടുത്ത് കർഷകർ എടുത്തിട്ടുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് പ്രഖ്യാപിച്ച മൊറട്ടോറിയത്തിന്റെ കാലാവധി 2019 ഡിസംബർ 31 വരെ ദീർഘിപ്പിച്ചിരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 'എ' ആയി ചേർക്കുന്നു. നിശ്ചിത സമയത്തിനുള്ളിൽ പുനക്രമീകരിക്കപ്പെട്ട കാർഷിക ലോണുകൾക്ക് പ്രഖ്യാപിച്ച മൊറട്ടോറിയം, 31/12/2019 വരെ ദീർഘിപ്പിക്കാൻ എസ്.എൽ.ബി.സി യുടെ 07/08/2019 ലെ സബ്കമ്മിറ്റിയുടെ മിനിറ്റ്സ് പ്രകാരം തീരുമാനിച്ചിരുന്നു. ആയതിന്റെ പകർപ്പ് അനുബന്ധം 'ബി' ആയി ചേർക്കുന്നു. സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് മൊറട്ടോറിയം ബാധകമാക്കിക്കൊണ്ട് 18-08-2018-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധം 'സി' ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - A

File No.REV-H3/134/2019-REV

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ്- സംസ്ഥാനത്തുണ്ടായ മഹാപ്രളയം കണക്കിലെടുത്ത് കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വിവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് പ്രഖ്യാപിച്ച മോറട്ടോറിയം 2019 ഡിസംബർ 31 വരെ ദീർഘിപ്പിച്ചുകൊണ്ടും ഇത് കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകൾക്കും ബാധകമാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (എച്ച്) വകുപ്പ്

സ.ഉ.(കൈ) നം.146 /2019/റവ. തീയതി,തിരുവനന്തപുരം, 27/05/2019

പരാമർശം:- 1 12.10.2018 -ലെ സ.ഉ(എം.എസ്)367/2018/റവ നമ്പർ സർക്കാർ ഉത്തരവ്

2 7.3.2019-ലെ സ.ഉ (കൈ) നം. 41/2019/കൃഷി നമ്പർ സർക്കാർ ഉത്തരവ്

## ഉത്തരവ്

2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയം കണക്കിലെടുത്ത്, സംസ്ഥാനത്തെ കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും, ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള വിവിധ സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ കൂടാതെ റവന്യൂ റിക്കവറി ആക്ട്, 1968, 71-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള ക്ഷീരവികസനവും മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് പരാമർശം (1)-ലെ ഉത്തരവ് തീയതിയായ 12.10.2018 മുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം അനുവദിച്ചിരുന്നു.

പ്രസ്തുത മോറട്ടോറിയത്തിന്റെ കാലാവധി 2019 ഡിസംബർ 31 വരെ ദീർഘിപ്പിച്ചുകൊണ്ടും ഇത് പൊതുമേഖല, വാണിജ്യ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നുമുൾപ്പെടെ കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകൾക്കും ബാധകമാക്കിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വേണു.വി

പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) തിരുവനന്തപുരം
പൊതുഭരണ (SC) വകുപ്പ് (ഇനം 2938 തീയതി, 5.3.2019)
ധനകാര്യ , കൃഷി , ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
റവന്യൂ (എസ്/ജി/ഡിഎം.(എ. ബി), ഡിആർ.എഫ് (എ)) വകുപ്പ്
ഡയറക്ടർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

# STATE LEVEL BANKERS' COMMITTEE, KERALA

(Under Lead Bank Scheme of RBI )

**Convenor:** Canara Bank

**Ref: Kerala SLBC/NC/2019/MA** **Date: 07 Aug 2019**

**SLBC Sub Committee on Natural Calamity -**
**<u>Decisions taken in the meeting dt 07th August 2019</u>**

The meeting commenced at 03.30 pm in the Board Room , Floor no 6 , Canara Bank Building , Trivandrum , with Smt G K Maya, GM SLBC Kerala in Chair. The list of participants is annexed.

The committee analyzed the developments/decisions taken in the meeting convened by Honourable CM on 07/08/2019

The committe discussed on the following issues placed before it and made the following decisions/ Clarifications

- As per the new communication from RBI vide its letter FIDD (T) LBS No.91/03.02.015/ 2019-20 dated 7 August 2019, SLBC may decide for extension of moratorium for already restructured Agriculture loans till 31.12.2019. Accordingly the committee decided to extend the moratorium for already restructured Agricultural loans till 31.12.2019 based on the actual needs of the borrowers as per their request.
- For Crop Loans which were not restructured as per the Natural calamity relief measures announced by SLBC on 20th Aug, Banks may renew the loans as per extant guidelines of Individual Banks if the borrower is ready for the same.
- A subcommittee may be constituted in all districts as in the case of Idukki & Wayanad for examining the cases of taking physical possession under SARFAESI Act for Agriculture/ Farmers loans. Department of Agriculture shall also nominate a member to the committee.
- To collect data on overdue KCCS loans upto a limit of Rs 3 lakhs and above Rs 3 lakhs which have fallen due from 01/04/2018 onwards. SLBC to request the Government to provide some interest incentive for the borrowers coming forward to renew their loans.
- An orientation campaign on financial literacy must be conducted jointly by Banks , Agriculture Department and FLCs for sensitising the farmers.

The meeting concluded at 5pm with a vote of thanks by Sri N K Krishnankutty, DGM,SLBC

**CONVENOR**

**G K Maya**

**Convenor, SLBC Kerala &**
**General Manager, Canara Bank**

അനുബന്ധം - സി

47916/18

കേരള സർക്കാർ

29

**സംഗ്രഹം**

സഹകരണ വകുപ്പ് - സംസ്ഥാനത്തെ മഴക്കെടുതി - നടപടി - അടിയന്തിര നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (പാർലമെന്റ്) വകുപ്പ്**

സ.ഉ.(കൈ) നം. 32/2018/സഹ. തീയതി, തിരുവനന്തപുരം, 18.08.2018

---

പരാമർശം : - 10.08.2018 ലെ സ.ഉ. (കൈ) നം. 12/2018/ഡി.എം.ഡി നമ്പരിലുള്ള ഉത്തരവ്

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ മഴക്കെടുതി മൂലം ഉണ്ടായ നാശനഷ്ടങ്ങളും പരിഹാര മാർഗ്ഗങ്ങളും സംബന്ധിച്ച് 05.08.2018 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ വിവിധ വകുപ്പുകളിൽ നടപടി കൈക്കൊള്ളേണ്ടവ സംബന്ധിച്ച് ചർച്ചചെയ്യുകയും ഓരോ വകുപ്പും കൈക്കൊള്ളേണ്ട നടപടികൾ തീരുമാനിക്കുകയും ഉണ്ടായി പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ദുരന്ത നിവാരണ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച മേൽ പരാമർശ ഉത്തരവ് പ്രകാരം സഹകരണ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സഹകരണ വകുപ്പിൽ നടപടി സ്വീകരിക്കേണ്ടതുണ്ട്. മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തൊട്ടാകെ മഴക്കെടുതി മൂലം നാശനഷ്ടങ്ങൾ ഉണ്ടായ എല്ലാ ജില്ലകളിലും ആയതിന് പരിഹാരം കാണുന്നതിന് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾക്കൊപ്പം താഴെപ്പറയുന്ന വിഷയങ്ങളിൽ സഹകരണ വകുപ്പിന്റെ ബന്ധപ്പെട്ട എല്ലാ സ്ഥാപന മേധാവികളും യഥാവിധി നടപടി സ്വീകരിച്ച് നടപടി വിവരം സർക്കാരിൽ അറിയിക്കേണ്ടതാണ് എന്ന് ഇതിനാൽ ഉത്തരവാകുന്നു.

1. പ്രളയബാധിത പ്രദേശമായി ദുരന്ത നിവാരണ അതോറിറ്റിയുടെ മാർഗരേഖ പ്രകാരം സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഇടങ്ങളിലെ കാർഷിക കടങ്ങൾക്ക് ഒരു വർഷം വരെ മോറട്ടോറിയം അനുവദിക്കാൻ വ്യവസ്ഥയുള്ളതിനാൽ സംസ്ഥാന/ജില്ലാതല ബാങ്കിംഗ് സമിതി വിളിച്ച് ഇക്കാര്യത്തിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അതിനാൽ സഹകരണ സംഘങ്ങൾ വഴി നൽകിയിട്ടുള്ള കാർഷിക കടങ്ങൾക്ക് സഹകരണ ബാങ്കുകളും സമാന നടപടി സ്വീകരിക്കണം.

2. വെള്ളപ്പൊക്ക ദുരിതബാധിതർക്ക് സഹകരണ ബാങ്കുകളിൽ - നിന്നും വിവിധ ആവശ്യങ്ങൾക്ക് പുതിയ വായ്പകൾ ലഭ്യമാക്കുക.

Scanned by CamScanner

3. ദുരിതബാധിത പ്രദേശത്തെ ചെറുകിട വ്യാപാരികൾക്ക് സഹകരണ ബാങ്കുകൾ മുഖേന പ്രത്യേക വായ്പാ പദ്ധതി നടപ്പിലാക്കുക.

4. ജില്ലകളിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു സ്പെഷ്യൽ ഓഫീസറെയും വകുപ്പിൽ നിന്നും നിയോഗിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനി ആന്റണി ഐ.എ.എസ്
സെക്രട്ടറി

കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും (സഹകരണ സംഘം രജിസ്ട്രാർ മുഖേന)
എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും (സഹകരണ സംഘം രജിസ്ട്രാർ മുഖേന)
കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ വകുപ്പ്)
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
ധനകാര്യ വകുപ്പ്
റവന്യൂ വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

Scanned by CamScanner